# പ്രതികരണങ്ങൾ — 20



പ്രതികരണങ്ങൾ — 20
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Woman Reading. Portrait of Sofia Kramskaya, a painting by Ivan Kramskoi (1837–1887). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## അംബികാസുതൻ മാങ്ങാട്: ചിന്താവിഷ്ടയായ സുമംഗല

**രാജൻ പട്ടതോൾ:** അംബികാസുതൻ മാങ്ങാടിന്റെ കഥ ബഷീറിന്റെ 'ഭൂമിയിലെ അവകാശികൾ' ഓർമിപ്പിച്ചു. നല്ല കഥ.

**ഐറിസ് കോയ്‌ലിയോ:** അസാമാന്യമായ കഥ.

ബഷീറിന്റെ ഭൂമിയുടെ അവകാശികൾ വായിച്ചപ്പോഴെല്ലാം കഥാകാരന്റെ പരിസ്ഥിതി ബോധത്തെ സന്തോഷത്തോടെ സ്വീകരിച്ചപ്പോൾ ഒട്ട് നീറ്റലോടെ ബേപ്പൂരിലെ സുൽത്താനോട് മനസ്സ് ചോദിച്ചിരുന്നു... പ്രപഞ്ചത്തിലെ കോടാനുകോടി ജീവജാലങ്ങൾക്കൊപ്പം ആ മനസ്സ് നീങ്ങിയിട്ടും എന്തേ വീട്ടുകാരിയെ ഒരു ജീവിശത്രുവാക്കിത്തീർത്തത് എന്ന്... സ്വാഭാവികമായും പ്രകൃതിയുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്നവരല്ലേ പെണ്ണുങ്ങൾ എന്ന്...

ഇതാ അതിനുത്തരവുമായി ഒരു സുമംഗല! വികസനവുമായി പ്രകൃതിക്കെതിരെ, ജീവിവർഗത്തിനെതിരെ, ആൺക്രൗര്യം അവിവേകിയാകുമ്പോൾ നമുക്കും സുമംഗലയുടെ നോവേറ്റുന്ന ഉണർത്തുപാട്ട് മറന്നുപോകാതെ ചൊല്ലിയുറപ്പിക്കാം...

"ബയ്‌ലോട്ട് പോലാ,ണേ
ബൗതീറ്റ് ബീണ്വോകും
എടത്തോട്ട് പോലാ,ണേ
എരടീറ്റ് ബീണ്വോകും
ബലത്തോട്ട് പോലാ,ണേ
ബയിതെറ്റി കൊയഞ്ഞോകും
സീതന്നെ പോയ്യോണേ
സീതേനപ്പോലെ നീർന്നോണേ.

കാസർഗോഡിന്റെ തനതു വാമൊഴി സൃഷ്ടിക്കുന്ന അതിശക്തമായ പരിസ്ഥിതി രാഷ്ട്രീയം ഈ കഥയെ കാലാതീതമാക്കും.

നന്ദി സായാഹ്ന! ഈ പകലിന്...

**അംബികാസുതൻ മാങ്ങാട്:** നാട്ടുപാട്ടിലെ നാലാമത്തെ വരിയിലെ വാക്ക്-നീർന്നോണേ-എന്നാണ്. നിവർന്ന് നടക്കു എന്ന്. അക്ഷരത്തെറ്റ് ടെക്സ്റ്റിൽ വന്ന പോയിട്ടുണ്ട്. നല്ല വാക്കുകൾക്ക് നന്ദി.

**കെ. സച്ചിദാനന്ദൻ:** മനസ്സ നിറഞ്ഞു.

**വി. എച്ച്. നിഷാദ്:** അംബികാസുതൻ മാഷിന്റെ 'ചിന്താവിഷ്ടയായ സുമംഗല' പല അടരുകളുള്ള കഥ. കൊറോണക്കാലം പല മലയാള കഥകളിലും വന്നു തുടങ്ങിയിട്ടുണ്ടെങ്കിലും ഇത്ര സ്വാഭാവികമായി വന്നു കാണുന്നത് ആദ്യം. വായന ഹൃദ്യം. കഥയുടെ പാരിസ്ഥിതിക ദർശനം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. അഭിനന്ദനങ്ങൾ മാഷേ.

**ബിജു എ ആർ:** അംബികാസുതൻ മാഷുടെ ചിന്താവിഷ്ടയായ സുമംഗല കഥ നന്നായിട്ടുണ്ട്. കാവും പാമ്പും ജീവികളും സുമംഗലയും ഓർമ്മയിലെ അമ്മമ്മയും പാട്ടുകളും ഗംഭീരമായി. പാറ്റ, ഉറുമ്പ്, പല്ലി, പാമ്പ് ആദിയായ സഹജീവികളോടുള്ള ഭർത്താവിന്റെ ക്രൂരത ഭംഗിയായി ചിത്രീകരിച്ചു. പാമ്പിനെ ഉപദ്രവിക്കുന്നതിൽ മകൻ കൂട്ടു നിൽക്കുന്നതിൽ കൂടി പുരുഷൻ തന്റെ കൈപ്പിടിയിൽ ഒതുക്കുന്ന അമ്മയുൾപ്പെട്ട ആവാസവ്യവസ്ഥയെന്ന ചിത്രം പൂർത്തിയാക്കി. സുമംഗലയുടെ നഷ്ടപ്പെട്ടുന്ന സ്വത്വം വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ് ഏകാന്തതയിലെ പാട്ടും ഉഞ്ഞാലാട്ടവും. എല്ലാം കൊന്നൊടുക്കുന്ന ഭർത്താവിന്റെ 'ജഗദീശൻ' എന്ന പേരിലും ഒരു വൈരുദ്ധ്യം മാഷ് കൊണ്ടുവന്നു. എല്ലാം മനോഹരം മാഷേ...

**നന്ദിനി മേനോൻ:** അംബികാസുതൻ മാങ്ങാടിന്റെ ചിന്താവിഷ്ടയായ സുമംഗല...

ഇനി സുമംഗലക്ക് ചിന്ത വെടിയാം. മണ്ണോടു മണ്ണായി തീരാൻ തുടങ്ങിക്കഴിഞ്ഞു ജഗദീശ്വരന്റെ കാറ്റും വെളിച്ചവും കടക്കാത്ത വാസസ്ഥലം. എത്ര വലയും ശീലയും ഇട്ട് മൂടി മറച്ചാലും തലതിരിഞ്ഞ ആവാസ വ്യവസ്ഥയിലേക്ക് ഇരന്ന് കേറുന്ന പ്രകൃതി. നല്ല കഥ.

**കരുണാകരൻ:** അതേ ആഹ്ലാദം, ചന്ദ്രലേഖയുടെ ഇംഗ്ലീഷ് പരിഭാഷ ഏതാനും വർഷങ്ങൾക്കു മുമ്പ് വായിച്ച ദിവസം, ഇ. മാധവനെയും പരിചയമായി. ഇ. ഹരികമാറിനെ വായിക്കുമ്പോൾ ഇടശ്ശേരിയെയും ഓർക്കുമായിരുന്നു. ഇപ്പോൾ മറ്റൊരു മകനും. കഥ ഓർമ്മയുടെ കലകൂടി ആവുന്നതിനും മുമ്പ്, എഴുത്താവുന്നതിനും മുമ്പ്, വാമൊഴിയായി കഴിയുന്ന അതേ ദിവസങ്ങളിൽ, അതിന്റെ പരിഭാഷകരെയും കണ്ടുപിടിച്ചിരിക്കണം: ഒരു കഥയുമായി പലരും പല ഭാഷകളിലേക്ക് പിന്നെയായിരിക്കും പുറപ്പെട്ടിരിക്കുക!

**ഇ. മാധവൻ:** സന്തോഷം. കുറവുകൾ ഉണ്ട്. ക്ഷമിക്കണം. പരിഭാഷ എന്ന കലയെ സംബന്ധിച്ച ഈ ചിന്ത എന്നെ വളരെ സ്വാധീനിക്കുന്നു. നന്ദി!

**കെ. ജി. എസ്:** കരുണാകാരന്റെ ഈ കഥയുടെ പല കേന്ദ്രങ്ങളിൽ നാനാർത്ഥനിർഭരവും സൂക്ഷ്മസാന്ദ്രവുമായ ഒരു മണം പ്രവർത്തിക്കുന്നുണ്ട്. കാണാവഴികളിലെ മനസ്സഞ്ചാരങ്ങളുടെ ഈണം, ഭാഷ. ഇ. മാധവന്റെ മനോഹരമായ ഇംഗ്ലീഷ് ചന്ദ്രലേഖയിലും വഴിയുന്ന ആ സംഗീതം. ഇരുവർക്കും ബലേ.

**ഇ. മാധവൻ:** നന്ദി, സന്തോഷം. അതെ, സൂക്ഷ്മസാന്ദ്രമായ ആ മണം തന്നെ!

**കെ. സച്ചിദാനന്ദൻ:** അതെ, നമുക്ക് നല്ല ഇംഗ്ലീഷ് പരിഭാഷകരുടെ കുറവുണ്ട്. ആകെയുള്ള നാലഞ്ചു പേർ നോവൽ പരിഭാഷകളുടെ തിരക്കിലാണ്, അവരെ കുറ്റം പറയാനാവില്ല—ഇംഗ്ലീഷ് പ്രസാധകർക്ക് നോവലുകളോടാണ് പ്രിയം. അതുകൊണ്ടു തന്നെ മലയാളത്തിലെ ഏറ്റവും സജീവവും പരീക്ഷണോന്മുഖവും വൈവിധ്യ സമ്പന്നവുമായ സാഹിത്യ വിഭാഗം ചെറുകഥയാണെന്നും കഥയിൽ നാം ഒരു പക്ഷേ, മറ്റെല്ലാ ഇന്ത്യൻ ഭാഷകളെക്കാളും മുൻപിലാണെന്നുമുള്ള യാഥാർത്ഥ്യം മലയാളികളുടെ ലോകത്തിനു പുറത്ത് അറിയപ്പെടാതെയും ഇരിക്കുന്നു. മാധവിക്കുട്ടി, ടി. പത്മനാഭൻ, എം. ടി., ലളിതാംബിക അന്തർജനം, സരസ്വതിയമ്മ: ഇവർക്കിപ്പുറമുണ്ടായ ഉത്തമരചനകൾ പരിഭാഷ ചെയ്യപ്പെടാതിരിക്കുന്നു, അഥവാ സമാഹരിക്കപ്പെടാതിരിക്കുന്നു. നോവൽ പരിഭാഷ ഏതാണ്ട് ഉടനടി നടക്കുന്നുണ്ട്, പ്രേമാ ജയകുമാർ, ദേവിക, ഫാത്തിമ, യാസർ അങ്ങിനെ കുറച്ചു പേരുടെ ഉത്സാഹം. വിജയനും മുകുന്ദനും സാറാ ജോസഫും എൻ. എസ്. മാധവനും ടി. ഡി. രാമകൃഷ്ണനും കെ. ആർ. മീരയും രാമനുണ്ണിയും സുഭാഷ് ചന്ദ്രനും ഇ. സന്തോഷ് കുമാറും എല്ലാം മലയാളികളല്ലാത്തവർക്ക് നോവലിസ്റ്റുകൾ എന്ന നിലയിൽ പരിചിതർ. എസ്. കെ. പൊറ്റെക്കാട്ട്, സക്കറിയ, മേതിൽ, മുകുന്ദൻ,വിജയൻ, ഉണ്ണി, ആർ.—ചില സമാഹാരങ്ങളുണ്ട്. ആധുനികരുടെ തലമുറയ്ക്ക് ശേഷമുള്ളവരുടെ—മാധവൻ, ടി. ആർ., മേതിൽ, കരണാകരൻ, സന്തോഷ് എച്ചിക്കാനം, ജോർജ് ജോസഫ്, തോമസ് ജോസഫ്, എസ്. ഹരീഷ്, വി. ആർ. സുധീഷ്, വിനയ് തോമസും യമയും ഫ്രാൻസിസ് നൊ റൊണയും വരെ ഒരു 30 പേരെങ്കിലും പറയാം—വേണ്ട പോലെ പ്രതിനിധാനം ചെയ്യപ്പെട്ടിട്ടില്ല. (കവിതാരംഗത്തേയ്ക്ക് കടക്കുന്നില്ല. അവിടെ പ്രതിനിധാനത്തിന്റെ വലിയ പ്രശ്നങ്ങളുണ്ട്.) അപ്പോൾ മാധവന് പിടിപ്പതു ജോലിയുണ്ട്, പരിഭാഷയെ സമ്പന്നമാക്കാനും സ്വയം വാഗ്ശക്തനാകാനും. ചെറിയ ചില മാറ്റങ്ങളും തിരുത്തലുകളും കൊണ്ട് ഈ പരിഭാഷയെ ഇനിയും നന്നാക്കാൻ കഴിയും. അത് മാധവന്റെ ഇ-മെയ്ൽ കിട്ടിയാൽ ഞാൻ നേരിട്ടെഴുതിക്കൊള്ളാം. നന്ദി, നല്ലൊരു കഥ രണ്ടു കുറി വായിച്ച ആഹ്ലാദവും.

**അംബികാസുതൻ മാങ്ങാട്:** അതെ. ശരിയാണ്. നല്ല കഥ.

**ഇ. മാധവൻ:** വിലപ്പെട്ട അഭിപ്രായങ്ങൾ ആദരവോടെ സ്വീകരിക്കുന്നു. ഇനിയും നന്നാക്കാനുണ്ട്. അങ്ങയുടെ ശ്രദ്ധ ഇതിലേക്ക് വരുന്നതിൽ വലിയ സന്തോഷവും.

**കെ. സച്ചിദാനന്ദൻ:** എഴുതാം. ചില ഡെഡ്‌ലൈനുകൾ. സ്നേഹം.

**ഇ. മാധവൻ:** സൗകര്യം പോലെ മതി. കഥ അർഹിക്കുന്ന വിവർത്തനം ആക്കി മാറ്റാൻ ശ്രമിക്കണം.

## ലളിതാ ലെനിൻ, ഡോ. കെ. എസ്. രവികുമാർ: പെണ്മയുടെ ജനിതകങ്ങൾ

**കെ. സച്ചിദാനന്ദൻ:** പേശീബലമുള്ള കവിതകൾ—പണ്ടേ ശ്രദ്ധിച്ച കവി. നന്നായി.

**കെ. എച്ച്. ഹുസൈൻ:** ലളിതാ ലെനിൻ എനിക്കു ടീച്ചറാണ്. എഴുത്തുകാരനും മനുഷ്യാവകാശ പ്രവർത്തകനുമായ ലെനിൻ മാഷ് എന്റെ ജീവിതം വഴിതിരിച്ചുവിട്ട സുഹൃത്തും. ലൈബ്രറി സയൻസ് പഠിക്കാനായി 1980-ൽ തിരുവനന്തപുരത്തെത്തുമ്പോൾ ടീച്ചർ അന്ന് ഡിപ്പാർട്ട്മെന്റിൽ ലക്ചറർ ആണ്. അന്നു തുടങ്ങിയ ഗുരുശിഷ്യബന്ധം ഇന്നും തുടരുന്നു. സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന മലയാളഗ്രന്ഥസൂചിയുടെ 9-ാം വാല്യത്തിന്റെ പണി രണ്ടുവർഷം മുമ്പ് ടീച്ചർ ഏറ്റെടുക്കുമ്പോൾ അതിന്റെ സാങ്കേതിക നിർവ്വഹണം വിശ്വാസപൂർവ്വം ഏല്പിച്ചത് എന്നെയായിരുന്നു. അതിൽ അശോക്കുമാറും പിന്നീടെത്തി. മൂന്നുമാസം മുമ്പ് ആ പ്രോജക്റ്റ് വിജയകരമായി പൂർത്തീകരിച്ചു. യൂണികോഡ് അടിസ്ഥാനപ്പെടുത്തി മലയാളത്തിന്റെ ഭാവി ഗ്രന്ഥവിവരവ്യവസ്ഥ ചിട്ടപ്പെടുത്താനുള്ള അനേകം നൂതനാശയങ്ങൾ അക്കാദമിക്കു സമർപ്പിച്ചാണ് ടീച്ചർ പ്രോജക്റ്റ് അവസാനിപ്പിച്ചത്.

മൂന്നു പതിറ്റാണ്ടു നീണ്ട അദ്ധ്യാപനത്തിനിടയിലും സാഹിത്യത്തിലുള്ള സർഗ്ഗാത്മകത ടീച്ചർ നിലനിറുത്തി. കേരളസമൂഹത്തിലരങ്ങേറുന്ന നാമജപഘോഷയാത്രകളുടെ അപകടം ഒരു വിശ്വാസിയായിരിക്കെതന്നെ ടീച്ചർ ആദ്യംമുതലേ തിരിച്ചറിഞ്ഞു. കലഹത്തിന്റെ സ്വരത്തിൽ നാല്പത്തഞ്ചുവർഷങ്ങളായി അനുശീലിച്ചുപോരുന്ന വാക്കുകളുടെ സംഗീതം വിട്ടൊഴിയുന്നില്ല. സ്ത്രീ എന്നത് ടീച്ചർക്ക് സ്വന്തം സ്വത്വം മാത്രമല്ല പീഢനങ്ങളേയും അവഹേളനങ്ങളേയും ധീരമായി ചെറുക്കാനുള്ള കവചവും വാക്കും മാതൃത്വവുമാണ്.

ആദ്യസമാഹാരം ‘കരിങ്കിളി’ പ്രസിദ്ധീകരിച്ച് രണ്ടുവർഷം കഴിയുംമുമ്പേ 1978-ൽ അതു വായിക്കാനിടയായി. ‘അനസൂയ’ എന്ന കവിത കവി പി. ഉദയഭാനുവിനോടൊപ്പം എത്ര പ്രാവശ്യമാണ് വായിച്ചതും പാടിയതും! അരനൂറ്റാണ്ടിനിടയിൽ ടീച്ചറെഴുതിയ എല്ലാ കവിതകളും ടീച്ചറിപ്പോൾ സമാഹരിച്ചുകൊണ്ടിരിക്കുകയാണ്. ക്രിയേറ്റീവ് കോമൺസിൽ, സായാഹ്നയിൽ, രചനയിൽ എല്ലാം പ്രസിദ്ധീകരിക്കണമെന്നാണ് ടീച്ചറുടെ ആഗ്രഹം.

ഇന്ന് സായാഹ്ന ഓരോ ദിവസവും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന മലയാള അക്ഷരങ്ങളുടെ സൗന്ദര്യത്തിനൊപ്പം 1999 മുതലേ ടീച്ചർ സഹയാത്രികയായി. അങ്ങനെയൊരു സാഹിത്യകാരനോ സാഹിത്യകാരിയോ ടീച്ചറെപോലെ മറ്റൊരാളില്ല. രചന സമ്മേളനത്തിന്റെ സമർപ്പണവാക്യം നിത്യചൈതന്യയതിക്കായി എഴുതിച്ചേർത്തത് ടീച്ചറാണ്. രചനയുടെ കാമ്പയിൻ കെട്ടടങ്ങി പോകുമെന്ന് വ്യസനിച്ച നാളുകളിലൊക്കെ ടീച്ചറുടെ വാക്കുകൾ മരുഭൂമിയിലെ മഴപോലെ പ്രത്യാശകൾ സമ്മാനിച്ചു. “എവിടെയാണെന്റെ അക്ഷരം? അരിയ ഹൃദയമന്ത്രാക്ഷരം?” എന്ന് രചന പിറക്കുംമുമ്പേ ടീച്ചറിൽ വേവലാതിയായി പടർന്നിരുന്നു.

**കെ. ജി. എസ്:** ലളിതാ ലെനിന്റെ കവിതകളുടെയും കവിയുമായുള്ള ആത്മബന്ധത്തിന്റെയും സ്കാനിംഗ് നന്നായി. രവികുമാർ, ഹുസൈൻ, പ്രസക്തമായ വീണ്ടെടുപ്പുകൾ.

**ഇ. മാധവൻ:** ജീവിതം നൽകുന്ന തീവ്രമായ അനുഭവങ്ങൾ! അവ കവിതയിലൂടെ വല്ലാത്ത വ്യസനം ഹൃദയത്തിലേക്ക് പ്രസരിപ്പിക്കുന്നു. വായനക്കാരനെ നന്മ എന്ന സാദ്ധ്യത കൈവിടാതിരിക്കാൻ പ്രേരിപ്പിക്കുന്നു. ശക്തയായ കവിയെ നമസ്കരിക്കുന്നു.

**രാജൻ പടുതോൾ:** “വിഷം തീണ്ടി നീലിച്ചു നിൽക്കുന്നു വാനം” ഇതിൽക്കൂടുതൽ എന്തു പറയാൻ!

**സേതുമാധവൻ എം പി:** ടീച്ചറും ലെനിൻമാഷും ഉൾപ്പെട്ടവർ എഴുതിയ, മാഷ് എഡിറ്റ് ചെയ്ത് തിരുവനന്തപുരം സ്റ്റേറ്റ്സ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനം എന്ന മികച്ച പുസ്തകം ഓർമ്മവരുന്നു. കൈയിലുണ്ടായിരുന്ന കോപ്പി കാണുന്നില്ല. പല ഇന്റർവ്യൂവിനും അതിന്റെ തുടർവായന സഹായിച്ചിട്ടുണ്ട്. അടുത്ത് പരിചയമില്ലാതിരുന്നിട്ടും ഒന്നു രണ്ടു തവണ കണ്ടപ്പോഴും സംസാരിച്ചപ്പോഴും ടീച്ചറുടെ സൗമ്യമായ, പരിഗണനാപൂർവ്വമായ പെരുമാറ്റം മറക്കാനാവാത്തതാണ്.

## എം. എച്ച്. സുബൈർ: ഇഫ്രീത്തുകൾ

**ഇ. മാധവൻ:** കഥ ഇഷ്ടപ്പെട്ടു. അപൂർവ്വമായ ഒരു മനുഷ്യബന്ധത്തിന്റെ ആർദ്രതയിൽ വെളിവായി കിട്ടുന്ന വലിയ സത്യങ്ങൾ! കഥാകൃത്തിന് നന്ദി, അഭിനന്ദനം!

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**ജമുന:** ശബ്ദതാരാവലിയുടെ മൂന്നാംവട്ട തിരുത്തൽ സംരഭത്തിലേയ്ക്ക് നമ്മൾ കടക്കുകയാണ്. അതിന്റെ ആദ്യപടിയായി 578 പുറങ്ങളുള്ള “അ” എന്ന ആദ്യാക്ഷരത്തിന്റെ തിരുത്തൽ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

http://books.sayahna.org/stv/stv-alphabet-01.pdf

അംഗങ്ങൾ മുൻ പകർപ്പുകളിൽ ചൂണ്ടിക്കാണിച്ച എല്ലാ തെറ്റുകളും ഇതിൽ തിരുത്തിയിട്ടുണ്ട്. ഓരോ പുറത്തിലും ഇടതു മാർജിനിൽ ചുവന്ന നിറത്തിൽ വരിനമ്പ്രയും, ഹെഡറായി യഥാക്രമം ആദ്യവാക്ക്, അവസാനവാക്ക്, പുറം നമ്പ്ര എന്നിവയും കൊടുത്തിട്ടുണ്ട്. ഫൂട്ടറായി ഇടതു വശത്ത് “സായാഹ്ന റിട്ടേൺസി”ലേയ്ക്കുള്ള ലിങ്കും വലതു വശത്ത് സ്രോതസ്സ് ഉള്ളടക്കം ചെയ്യുന്ന ഫയലിന്റെ പേരും, വലതു മാർജിനിൽ സ്രോതസ്സിലെ വരിനമ്പ്രയും ആണ് ഇളം കറുപ്പു നിറത്തിൽ നൽകിയിട്ടുള്ളത്.

എത്രത്തോളം പ്രാവശ്യം ഈ പിഡിഎഫിലൂടെ കണ്ണോടിക്കാമോ അത്രയും നന്ന്, കൂടുതൽ തെറ്റുകൾ കണ്ണിൽപ്പെടാൻ സാദ്ധ്യതയേറുന്നു. അങ്ങനെ കണ്ടെത്തുന്ന തെറ്റുകൾ പുറം, വരി നമ്പ്രകൾ ചൂണ്ടിക്കാട്ടി സായാഹ്ന റിട്ടേൺസിൽ (https://chat.whatsapp.com/J49mEuIJoA4LiL30yEPlRr) അറിയിക്കുക.

ഈ പിഡിഎഫിൽ നിന്നും അക്ഷരങ്ങൾ നഷ്ടപ്പെടാതെ പാഠം കോപ്പി-പേസ്റ്റ് ചെയ്യുവാൻ കഴിയും വിധമാണ് നിർമ്മിച്ചിരിക്കുന്നത്. മാത്രവുമല്ല, തെറ്റു കണ്ടമാത്രയിൽ തന്നെ “സായാഹ്ന റിട്ടേൺസിൽ” അനായാസം ചെല്ലുവാനായി ഓരോ പുറത്തിലും ഫൂട്ടറായി ലിങ്കു നൽകിട്ടുമുണ്ട്. അത് വേണ്ടവിധം പ്രയോജനപ്പെടുത്തുക.

(ഒക്ടോബർ 4 മുതൽ 10 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014